LIBRARY ARCHIVES Kerala Legislative Assembly

## ടൂറിസം മാസ്റ്റർ പ്ലാനുകൾ

167 (5894) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളുടെ സമഗ്രവും സുസ്ഥിരവും പ്രകൃതി സൗഹൃദവുമായ വികസന ലക്ഷ്യം കൈവരിക്കുന്നതിന്റെ ആദ്യ പടിയായി നടപ്പാക്കുന്ന മാസ്റ്റർ പ്ലാനുകളുടെ പ്രവർത്തനം പൂർത്തിയായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ഡെസ്റ്റിനേഷനുകളുടെ മാസ്റ്റർ പ്ലാനാണ് സർക്കാരിൽ സമർപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത മാസ്റ്റർ പ്ലാനുകൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

### <u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്തെ പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളെ ഉൾപ്പെടുത്തി മാസ്റ്റർപ്ലാനുകൾ തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. അവ വിവിധ ഘട്ടങ്ങളിൽ ആണ്. നിലവിൽ കോവളം-പൂവാർ ടൂറിസം കോറിഡോർ, കുമരകം, ഫോർട്ട് കൊച്ചി, തേക്കടി എന്നീ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇതിൽ ഫോർട്ട് കൊച്ചി മാസ്റ്റർ പ്ലാനിന് അനുമതി നൽകിയിട്ടുണ്ട്.

(സി) ഏജൻസികൾ തയ്യാറാക്കുന്ന കരട് മാസ്റ്റർപ്ലാൻ ആദ്യഘട്ടത്തിൽ ബന്ധപ്പെട്ട വിവിധ വകുപ്പുമായി ചർച്ചകൾ സംഘടിപ്പിക്കുകയും അതിൽ നിന്ന് ഉരുത്തിരിയുന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും കണക്കിലെടുത്തു കൊണ്ട് രണ്ടാം ഘട്ടത്തിൽ അതാത് പ്രദേശങ്ങളിലെ ടൂറിസം സംരംഭകരും ഉപഭോക്താക്കളുമായും ചർച്ച നടത്തി അവരുടെ അഭിപ്രായങ്ങൾ പൂർണ്ണമായി ഉൾക്കൊണ്ടും തുടർന്ന് അതത് പ്രദേശങ്ങളുടെ ജനപ്രതിനിധികളുടേയും മറ്റ് പൊതു പ്രവർത്തകരുമായി ചർച്ചകൾ നടത്തി ആവശ്യമായ തിരുത്തലുകൾ വരുത്തി മാത്രമേ അംഗീകരിക്കുകയുള്ളൂ.

ഇത്തരത്തിൽ അംഗീകരിച്ച മാസ്റ്റർ പ്ലാനുകളുടെ അടിസ്ഥാനത്തിൽ അതത് സ്ഥലങ്ങളുടെ പ്രത്യേകത കൂടി ഉൾക്കൊള്ളിച്ചാണ് ടൂറിസവുമായി ബന്ധപ്പെട്ട പദ്ധതികൾക്കുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നത്.

## ടൂറിസം വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനക്കായുള്ള പ്രോജക്ടുകൾ

168 (5895) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ: